പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3682 — 10.04.2013 - ൽ മറുപടി നൽകേണ്ടിയിരുന്നത്

## തിരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

ചോദ്യം

ശ്രീ. സി. മമ്മൂട്ടി

ഉത്തരം

ഡോ. എം.കെ. മുനീർ

(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരൂർ മണ്ഡലത്തിൽ 2011-2012, 2012-2013 വർഷങ്ങളിൽ സാമൂഹ്യ നീതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | പൂരക പോഷാകാഹാര പദ്ധതി, സബല, വികലാംഗരായ കുട്ടികൾക്ക് സ്കോളർഷിപ്പ്, അംഗനവാടികൾക്ക് സ്ഥലം വാങ്ങൽ, വികലാംഗർക്ക് മുച്ചക്രവാഹനം നൽകൽ, പ്രതീക്ഷ പദ്ധതി, ശിശുസൗഹൃദ അംഗന വാടികൾ എന്നിവയാണ് തിരൂർ മണ്ഡല ത്തിൽ 2011-2012, 2012-2013 വർഷ ങ്ങളിൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാ ക്കിയ പദ്ധതികൾ. |
| (ബി) | തിരൂർ മണ്ഡലത്തിൽ 2013-2014 വർഷം സാമൂഹ്യനീതി വകുപ്പ് നട പ്പിലാക്കാൻ പോകുന്ന പദ്ധതികൾ സംബന്ധിച്ച് വ്യക്തമാക്കാമോ; | (ബി) | മേൽപ്പറഞ്ഞ പദ്ധതികൾ തുടരുന്ന തോടൊപ്പം നിർഭയ, അംഗനവാടികൾക്ക് ഫർണിച്ചർ, അംഗനവാടി കെട്ടിട നിർ മ്മാണം, അറ്റകുറ്റപ്പണി എന്നീ പദ്ധതികളും നടപ്പാക്കാനുദ്ദേശിക്കുന്നു. |
| (സി) | പഞ്ചായത്ത് വകുപ്പ് തിരൂർ മണ്ഡലത്തിലെ ആതവനാട്, വെട്ടം, കല്പകഞ്ചേരി, തിരുന്നാവായ, തലക്കാട്, വളവന്നൂർ എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടി 2011-2012, 2012-13 വർഷങ്ങളിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പി ലാക്കിയത് എന്ന് വ്യക്തമാക്കാമോ; | (സി) | 2011-2012, 2012-2013 വർഷങ്ങളിൽ തിരൂർ മണ്ഡലത്തിലെ ഗ്രാമ പഞ്ചായ ത്തുകൾ വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ വകയിരുത്തിയ പ്രോജക്ടുകളുടെ വിവരങ്ങൾ അനുബന്ധ മായി ചേർത്തിരിക്കുന്നു. |
| (ഡി) | 2013-2014 വർഷത്തിൽ തിരൂർ മണ്ഡലത്തിലെ ഗ്രാമപഞ്ചായ ത്തുകൾക്ക് വേണ്ടി നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ ഏതെല്ലാ മെന്ന് വ്യക്തമാക്കുമോ? | (ഡി) | ഗ്രാമപഞ്ചായത്തുകൾ സ്വയം ഏറ്റെടുത്ത് നടത്തുന്ന പദ്ധതികളല്ലാതെ 2013-14 വർഷത്തിൽ പഞ്ചായത്ത് വകുപ്പ് നേരിട്ട് തിരൂർ മണ്ഡലത്തിലെ ഗ്രാമപഞ്ചായ ത്തുകൾക്ക് വേണ്ടി പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ